പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 153

# 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 153

# 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ

# 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ

1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റ് (1963-ലെ 15) താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പട്ടികയ്ക്കുള്ള ഭേദഗതി.—1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റിന്റെ (1963-ലെ 15) പട്ടികയിൽ, ക്രമനമ്പർ 2-ൽ, 'വിദേശമദ്യം' എന്ന ശീർഷകത്തിനു കീഴിൽ, (iii), (iv) എന്നീ ഉപ ഉൾക്കുറിപ്പുകൾക്കും (v)-ാം ഉപ ഉൾക്കുറിപ്പിന്റെ (എ), (ബി) എന്നീ ഉപ ഇനങ്ങൾക്കും, എതിരെയുള്ള "112, 82, 247, 237" എന്നീ ഉൾക്കുറിപ്പുകൾക്ക് പകരം യഥാക്രമം "116, 86, 251, 241" എന്നീ ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്റ്റിന്റെ പട്ടികയിൽ, വിദേശ മദ്യത്തിൻ കീഴിൽ, (ii)-ാം ഉപ ഉൾക്കുറിപ്പിൻ കീഴിൽ ഉൾപ്പെടാത്ത ബിയറിന് 112 ശതമാനവും, (i)-ാം ഉപ ഉൾക്കുറിപ്പിൽ ഉൾപ്പെടാത്ത വൈനിന് 82 ശതമാനവും, (i), (ii), (iii), (iv) എന്നീ ഉപ ഉൾക്കുറിപ്പുകളിൽ ഉൾപ്പെടാത്തതും, കെയ്സ് ഒന്നിന് 400 രൂപയോ അതിൽ കൂടുതലോ ക്രയമൂല്യം ഉള്ളതുമായ വിദേശ മദ്യത്തിന് 247 ശതമാനവും, കെയ്സ് ഒന്നിന് 400 രൂപ വരെ ക്രയമൂല്യം ഉള്ള വിദേശ മദ്യത്തിന് 237 ശതമാനവും നികുതി നിരക്കാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

2. ഇപ്പോൾ, മുകളിൽ പറഞ്ഞിരിക്കുന്ന വിദേശമദ്യത്തിന്റെ വില്പനയ്ക്കായി ചുമത്തുന്ന കേരള പൊതുവില്പന നികുതി നിരക്ക് 4% വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചു.

3. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കെ. എൻ. ബാലഗോപാൽ.

(ശരിത്തർജ്ജമ)

## 1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്റ്റിൽ (1963-ലെ 15) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

### പട്ടിക

### [5(1)-ാം വകുപ്പ്]

5-ാം വകുപ്പ് പ്രകാരം നികുതി ചുമത്താവുന്ന സാധനങ്ങൾ

| ക്രമ നമ്പർ | ഉപ ഉൾക്കുറിപ്പ് | സാധനങ്ങളുടെ വിവരണം | നികുതിയുടെ നിരക്ക് (ശതമാനം) |
|---|---|---|---|
| 1 | | പെട്രോളിയം ഉൽപ്പന്നങ്ങൾ | |
| ** | ** | ** | ** |
| 2 | | വിദേശമദ്യം | |
| | (i) | രാജ്യത്തിന് പുറത്ത് നിന്ന് ഇറക്കുമതി ചെയ്യുന്നതും 1962-ലെ കസ്റ്റംസ് ആക്റ്റ് പ്രകാരമുള്ള ഡ്യൂട്ടി നൽകപ്പെട്ടതുമായ കുപ്പിയിലാക്കിയ വൈൻ | 37 |
| | (ii) | രാജ്യത്തിന് പുറത്ത് നിന്ന് ഇറക്കുമതി ചെയ്യുന്നതും 1962-ലെ കസ്റ്റംസ് ആക്റ്റ് പ്രകാരമുള്ള ഡ്യൂട്ടി നൽകപ്പെട്ടതുമായ വൈൻ ഒഴികെയുള്ള കുപ്പിയിലാക്കിയ വിദേശമദ്യം | 115 |
| | (iii) | മുകളിലെ (ii)-ാം ഉപ ഉൾക്കുറിപ്പിൻ കീഴിൽ ഉൾപ്പെടാത്ത ബിയർ<br>മുകളിലെ (i)-ാം ഉപ ഉൾക്കുറിപ്പിൽ ഉൾപ്പെടാത്ത വൈൻ | 112 |
| | (iv) | മുകളിലെ (i), (ii), (iii), (iv) എന്നീ ഉപ ഉൾക്കുറിപ്പുകളിൽ ഉൾപ്പെടാത്ത | 82 |
| | (v) | (എ) കെയ്സ് ഒന്നിന് 400 രൂപയോ അതിൽ കൂടുതലോ ക്രയമൂല്യം ഉള്ള വിദേശ മദ്യം | 247 |
| | | (ബി) കെയ്സ് ഒന്നിന് 400 രൂപ വരെ ക്രയമൂല്യം ഉള്ള വിദേശ മദ്യം | 237 |
| ** | ** | ** | ** |